# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4517** **26.06.2014 ൽ മറുപടിക്ക്**

### ചാലക്കുടി മണ്ഡലത്തിൽ പുതിയ മാവേലിസ്റ്റോറുകൾ

| ചോദ്യം<br>ശ്രീ..ബി.ഡി.ദേവസ്സി | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി പഞ്ചായത്തിലെ വാലുങ്ങാമുറിയിലും, മേലൂർ പഞ്ചായത്തിലെ അടിച്ചിലിയിലും പുതിയ മാവേലിസ്റ്റോറുകൾ അനുവദിക്കുന്നതു സംബന്ധിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ; | (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി പഞ്ചായത്തിലെ വാലുങ്ങമുറിയിലും മേലൂർ പഞ്ചായത്തിലെ അടിച്ചിലിയിലും പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ സാദ്ധ്യത പഠന റിപ്പോർട്ടിനായി പാലക്കാട് മേഖലാ മാനേജർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഉടൻ ലഭ്യമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ചാലക്കുടിയിൽ സിവിൽ സപ്ലൈസ് വകുപ്പിനു കീഴിൽ പെട്രോൾ പമ്പും ഗ്യാസ് ഔട്ട്ലെറ്റും സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ; നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ ? | (ബി) | ചാലക്കുടിയിൽ പെട്രോൾ പമ്പും ഗ്യാസ് ഔട്ട്ലെറ്റും തുടങ്ങുന്നതിന് ഭൂമി ലഭ്യമാക്കുന്നതിന് മുനിസിപ്പൽ ചെയർമാനോടും തഹസിൽദാരോടും അഭ്യർത്ഥിച്ചിരുന്നു. മുകുന്ദപുരം അഡീഷണൽ തഹസീൽദാർ ടി മുനിസിപ്പാലിറ്റിയിൽ പെട്രോൾ പമ്പ്, ഗ്യാസ് ഔട്ടലെറ്റ് എന്നിവ തുടങ്ങുന്നതിന് അനുയോജ്യമായ സർക്കാർ റവന്യൂ ഭൂമി ലഭ്യമല്ല എന്ന വിവരം അറിയിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഓയിൽ കമ്പനികൾ അനുവദിക്കുന്ന പക്ഷം ചാലക്കുടിയിൽ ഗ്യാസ് ഔട്ട്ലെറ്റും പെട്രോൾ പമ്പും തുടങ്ങുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ

6